നടപ്പാക്കാതെ പോയ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

86 [1693] ശ്രീ. വി. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾമൂലം എന്തുതുക ലാപ്സായിട്ടുണ്ട്; ഇതു സംബന്ധിച്ച് പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) എസ്.ഡി.പി./ടി.എസ്.പി. ഇനത്തിൽ തുക ലാപ്സായി എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗവൺമെന്റ് വിശദമായി പരിശോധിച്ചുവരികയാണ്.

സമ്പൂർണ്ണ മദ്യ നിരോധനം

87 [1697] ശ്രീമതി കെ. ആർ. ഗൗരിയമ്മ:
ശ്രീ. പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പട്ടിക-പിന്നോക്ക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ മദ്യ നിരോധനത്തിന്റെ ഭാഗമായി കള്ള് നിരോധിക്കണമെന്ന നയം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി മുന്നോട്ടുവരാൻ സർക്കാർ പ്രോൽസാഹനം നൽകുമോ;

(ഇ) ഇതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. ഇത് ഘട്ടംഘട്ടമായി പ്രാബല്യത്തിൽ വരുത്തുന്നതാണ്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly